# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 419 – 29/05/2019 - ലെ മറുപടിക്ക്

## പൊതുമേഖല ബാങ്കുകൾ

ചോദ്യം

ഉത്തരം

ശ്രീ.ടി.എ.അഹമ്മദ് കബീർ

ഡോ. ടി. എം. തോമസ് ഐസക്
(ധനകാര്യവും കയറും വകുപ്പുമന്ത്രി)

| | ചോദ്യം | ഉത്തരം |
|---|---|---|
| (എ) | കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള പൊതുമേഖല ബാങ്കുകൾക്ക് മേൽ സംസ്ഥാന സർക്കാരിന് ഏതെങ്കിലും തരത്തിലുള്ള നിയന്ത്രണങ്ങൾ ഉണ്ടോ; | കേന്ദ്ര സർക്കാരിനു കീഴിൽ റിസർവ്വ് ബാങ്കിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസരിച്ചാണ് പൊതുമേഖലാ ബാങ്കുകൾ പ്രവർത്തിക്കുന്നത്. പൊതുമമേഖലാ ബാങ്കുകളുൾപ്പെടെ സംസ്ഥാനത്തെ ബാങ്കിംഗ് മേഖലയിലെ പ്രശ്നങ്ങളിൽ സംസ്ഥാനതല ബാങ്കിംഗ് സമിതി/ ജില്ലാതല ബാങ്കിംഗ് സമിതി മുഖേന സംസ്ഥാനസർക്കാർ നടപടി സ്വീകരിച്ചുവരുന്നു. |
| (ബി) | പൊതുമേഖല ബാങ്കുകളുടെ പ്രവർത്തനങ്ങളിൽ സംസ്ഥാന സർക്കാരിന് നിർദ്ദേശം നൽകുവാൻ അധികാരമുണ്ടോ; | |
| (സി) | പൊതുമേഖല ബാങ്കുകളിൽ നിന്നും വായ്പ എടുക്കുകയും തിരിച്ചടക്കാൻ സാധിക്കാതെ വരുകയും ചെയ്യുന്ന സാഹചര്യത്തിൽ പ്രസ്തുത കടം എഴുതി തള്ളുവാൻ സംസ്ഥാന സർക്കാരിന് സാധിക്കുമോ; വ്യക്തമാക്കാമോ? | പൊതുമേഖലാ ബാങ്കുകളിൽ നിന്നുമെടുക്കുന്ന വായ്പകൾ എഴുതിതള്ളുന്നതിനാവശ്യമായ നടപടികൾ അതാതുബാങ്കുകളുടെ നിയമമനുസരിച്ചും വായ്പ നയമനുസരിച്ചും ബാങ്കുകളാണ് സ്വീകരിക്കുന്നത്. സർക്കാർ തലത്തിൽ വായ്പ തിരിച്ചടവ് സഹായ പദ്ധതികൾ, പലിശ സബ്സിഡി സ്കീമുകൾ, പലിശയും പിഴപലിശയും ബാങ്കുകൾ ഏറ്റെടുക്കുന്ന മുറയ്ക്ക് വായ്പ തുക സർക്കാർ ഏറ്റെടുക്കുന്നതിനുള്ള നടപടികൾ എന്നിവയിലൂടെ ഇടപെടലുകൾ നടത്തുന്നു. |

സെക്ഷൻ ഓഫീസർ